**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2133** **30-09-2025 - ൽ മറുപടിയ്ക്ക്**

**മേലാറ്റൂർ പോലീസ് രജിസ്റ്റർ ചെയ്ത കേസ് നമ്പർ 580/2022**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ കുറുവ വില്ലേജിൽപ്പെട്ട കരിഞ്ചാപ്പാടി പ്രദേശത്തെ ഷഫീഖ്, മുബഷിർ, നിഷാദ്, ഉബൈദ് എന്നിവരുടെ പേരിൽ മേലാറ്റൂർ പോലീസ് 25.10.2022 -ൽ 580/2022 നമ്പരായി എൻ.ഡി.പി.എസ്. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരുന്ന കേസിൽ, കെമിക്കൽ എക്സാമിനേഷൻ ലാബിൽ നിന്നും പരിശോധനാ റിപ്പോർട്ട് വന്നപ്പോൾ അത് പോലീസ് പറഞ്ഞപ്രകാരമുള്ള എം.ഡി.എം.എ. ആയിരുന്നില്ലെന്നും 'വുഡ് റോസിൻ' എന്നൊരു വസ്തു മാത്രമാണെന്നും തെളിഞ്ഞ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>25.10.2022 ന് പുലർച്ചെ 01.35 മണിക്ക് മേലാറ്റൂർ സബ് ഇൻസ്പെക്ടർക്ക് കീഴാറ്റൂർ അംശം മണിയാണീരിക്കടവ് എന്ന സ്ഥലത്തുള്ള പാലത്തിന് സമീപം കാറിൽ 4 പേർ മയക്ക് മരുന്ന് കച്ചവടം നടത്തുന്നതായി ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് പോലീസ് പാർട്ടിയുമായി സ്ഥലത്ത് എത്തി നടത്തിയ പരിശോധനയിൽ മുബഷിർ, ഷഫീഖ്, ഉബൈദുള്ള, നിഷാദ് എന്നിവർ കാറിൽ 32.72 ഗ്രാം ക്രിസ്റ്റൽ രൂപത്തിലുള്ള MDMA പോലുള്ള വസ്തു കൈവശം വച്ചിരുന്നത് കണ്ടെടുക്കുകയും ആയത് MDMA ആണെന്ന് പ്രതികൾ തന്നെ പോലീസിനോട് സമ്മതിച്ചതിനാൽ ടി വസ്തു MDMA ആണെന്ന ഉത്തമ വിശ്വാസത്തിൽ പ്രതികൾക്കെതിരെ മേലാറ്റൂർ സ്റ്റേഷൻ ക്രൈം 580/2022 U/s 22(c), 29 NDPS Act ആയി കേസ് രജിസ്റ്റർ ചെയ്ത് നിയമാനുസൃതം നടപടി സ്വീകരിച്ചിട്ടുള്ളതാണ്.<br><br>എന്നാൽ ബന്തവസ്സിലെടുത്ത ടി കേസിലെ തൊണ്ടി മുതലുകളുടെ ശാസ്ത്രീയ പരിശോധനാഫലം വന്നതിൽ ടി മുതലുകളിൽ ലഹരി വസ്തുക്കൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ടി കേസ് Mistake of Facts ആയി പരിഗണിക്കുന്നതിന് 31.05.2025 -ൽ ബഹു. കോടതി മുമ്പാകെ അന്തിമ തീരുമാന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു. Manjeri Special Court for NDPS Act Cases, കോടതി RC 71/2025 ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>ജാമ്യത്തിലിരിക്കവെ കേസിലെ രണ്ടാം പ്രതി ഷഫീഖ് എന്നയാൾക്ക് 07.10.2024 തീയതി രാവിലെ 08.30 നും 09.00 മണിക്കും ഇടയിൽ കോഴിക്കോട് ഭാഗത്തേക്കുള്ള ബസ് യാത്രക്കിടയിൽ മോങ്ങം എന്ന സ്ഥലത്തു വെച്ച് നെഞ്ചുവേദന അനുഭവപ്പെടുകയും |

| | | | |
|---|---|---|---|
| | | | തുടർന്ന് മഞ്ചേരി മലബാർ ആശുപത്രിയിൽ എത്തിക്കുകയും അവിടെ ചികിത്സയിലിരിക്കെ മരണപ്പെട്ടിട്ടുള്ളതുമാണ്. മരണവുമായി പോലീസിന് ബന്ധമുള്ളതായി കണ്ടെത്താൻ സാധിച്ചിട്ടില്ല. |
| (ബി) | കേസിൽ അകപ്പെട്ടതുകൊണ്ടുണ്ടായ മാനസികപ്രയാസത്തിൽ ഹൃദയാഘാതം ഉണ്ടായി ഷഫീഖ് മരണമടയുകയും ഈ നാല് കുടുംബങ്ങൾക്കും സമൂഹമദ്ധ്യത്തിൽ മാനഹാനിയുണ്ടാവുകയും വലിയ തോതിലുള്ള സാമ്പത്തികനഷ്ടങ്ങളും തൊഴിൽ നഷ്ടങ്ങളും ഉണ്ടാവുകയും ചെയ്തതായ പരാതികളിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>25.10.2022 ന് പുലർച്ചെ 01.35 മണിക്ക് മേലാറ്റൂർ സബ് ഇൻസ്പെക്ടർക്ക് കീഴാറ്റൂർ അംശം മണിയാണീരിക്കടവ് എന്ന സ്ഥലത്തുള്ള പാലത്തിന് സമീപം കാറിൽ 4 പേർ മയക്ക് മരുന്ന് കച്ചവടം നടത്തുന്നതായി ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് പോലീസ് പാർട്ടിയുമായി സ്ഥലത്ത് എത്തി നടത്തിയ പരിശോധനയിൽ മുബഷിർ, ഷഫീഖ്, ഉബൈദുള്ള, നിഷാദ് എന്നിവർ കാറിൽ 32.72 ഗ്രാം ക്രിസ്റ്റൽ രൂപത്തിലുള്ള MDMA പോലുള്ള വസ്തു കൈവശം വച്ചിരുന്നത് കണ്ടെടുക്കുകയും ആയത് MDMA ആണെന്ന് പ്രതികൾ തന്നെ പോലീസിനോട് സമ്മതിച്ചതിനാൽ ടി വസ്തു MDMA ആണെന്ന ഉത്തമ വിശ്വാസത്തിൽ പ്രതികൾക്കെതിരെ മേലാറ്റൂർ സ്റ്റേഷൻ ക്രൈം 580/2022 U/s 22(c), 29 NDPS Act ആയി കേസ് രജിസ്റ്റർ ചെയ്ത് നിയമാനുസൃതം നടപടി സ്വീകരിച്ചിട്ടുള്ളതാണ്.<br><br>എന്നാൽ ബന്തവസ്സിലെടുത്ത ടി കേസിലെ തൊണ്ടി മുതലുകളുടെ ശാസ്ത്രീയ പരിശോധനാഫലം വന്നതിൽ ടി മുതലുകളിൽ ലഹരി വസ്തുക്കൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ടി കേസ് Mistake of Facts ആയി പരിഗണിക്കുന്നതിന് 31.05.2025 -ൽ ബഹു. കോടതി മുമ്പാകെ അന്തിമ തീരുമാന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു. Manjeri Special Court for NDPS Act Cases, കോടതി RC 71/2025 ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>ജാമ്യത്തിലിരിക്കവെ കേസിലെ രണ്ടാം പ്രതി ഷഫീഖ് എന്നയാൾക്ക് 07.10.2024 തീയതി രാവിലെ 08.30 നും 09.00 മണിക്കും ഇടയിൽ കോഴിക്കോട് ഭാഗത്തേക്കുള്ള ബസ് യാത്രക്കിടയിൽ മോങ്ങം എന്ന സ്ഥലത്തു വെച്ച് നെഞ്ചുവേദന അനുഭവപ്പെടുകയും തുടർന്ന് മഞ്ചേരി മലബാർ ആശുപത്രിയിൽ എത്തിക്കുകയും അവിടെ ചികിത്സയിലിരിക്കെ മരണപ്പെട്ടിട്ടുള്ളതുമാണ്. മരണവുമായി പോലീസിന് ബന്ധമുള്ളതായി കണ്ടെത്താൻ സാധിച്ചിട്ടില്ല. |
| (സി) | കൃത്രിമമായി കേസുണ്ടാക്കിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സംഭവങ്ങൾ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>25.10.2022 ന് പുലർച്ചെ 01.35 മണിക്ക് മേലാറ്റൂർ സബ് ഇൻസ്പെക്ടർക്ക് കീഴാറ്റൂർ അംശം മണിയാണീരിക്കടവ് എന്ന സ്ഥലത്തുള്ള പാലത്തിന് |

| | | | |
|---|---|---|---|
| | ആവർത്തിക്കാതിരിക്കാൻ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | സമീപം കാറിൽ 4 പേർ മയക്ക് മരുന്ന് കച്ചവടം നടത്തുന്നതായി ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് പോലീസ് പാർട്ടിയുമായി സ്ഥലത്ത് എത്തി നടത്തിയ പരിശോധനയിൽ മുബഷിർ, ഷഫീഖ്, ഉബൈദുള്ള, നിഷാദ് എന്നിവർ കാറിൽ 32.72 ഗ്രാം ക്രിസ്റ്റൽ രൂപത്തിലുള്ള MDMA പോലുള്ള വസ്തു കൈവശം വച്ചിരുന്നത് കണ്ടെടുക്കുകയും ആയത് MDMA ആണെന്ന് പ്രതികൾ തന്നെ പോലീസിനോട് സമ്മതിച്ചതിനാൽ ടി വസ്തു MDMA ആണെന്ന ഉത്തമ വിശ്വാസത്തിൽ പ്രതികൾക്കെതിരെ മേലാറ്റൂർ സ്റ്റേഷൻ ക്രൈം 580/2022 U/s 22(c), 29 NDPS Act ആയി കേസ് രജിസ്റ്റർ ചെയ്ത് നിയമാനുസൃതം നടപടി സ്വീകരിച്ചിട്ടുള്ളതാണ്.<br><br>എന്നാൽ ബന്തവസ്സിലെടുത്ത ടി കേസിലെ തൊണ്ടി മുതലുകളുടെ ശാസ്ത്രീയ പരിശോധനാഫലം വന്നതിൽ ടി മുതലുകളിൽ ലഹരി വസ്തുക്കൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ടി കേസ് Mistake of Facts ആയി പരിഗണിക്കുന്നതിന് 31.05.2025 -ൽ ബഹു. കോടതി മുമ്പാകെ അന്തിമ തീരുമാന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു. Manjeri Special Court for NDPS Act Cases, കോടതി RC 71/2025 ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>ജാമ്യത്തിലിരിക്കവെ കേസിലെ രണ്ടാം പ്രതി ഷഫീഖ് എന്നയാൾക്ക് 07.10.2024 തീയതി രാവിലെ 08.30 നും 09.00 മണിക്കും ഇടയിൽ കോഴിക്കോട് ഭാഗത്തേക്കുള്ള ബസ് യാത്രക്കിടയിൽ മോങ്ങം എന്ന സ്ഥലത്തു വെച്ച് നെഞ്ചുവേദന അനുഭവപ്പെടുകയും തുടർന്ന് മഞ്ചേരി മലബാർ ആശുപത്രിയിൽ എത്തിക്കുകയും അവിടെ ചികിത്സയിലിരിക്കെ മരണപ്പെട്ടിട്ടുള്ളതുമാണ്. മരണവുമായി പോലീസിന് ബന്ധമുള്ളതായി കണ്ടെത്താൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ